കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# യമുനാതടത്തിലെ ആത്മീയ മാലിന്യം

ഗംഗയും യമുനയും ബ്രഹ്മപുത്രയുമെല്ലാം നമ്മുടെ സംസ്കൃതിയുടെ നീരൊഴുക്കുകളാണ്. ഇന്ത്യൻ ജീവിതത്തിന് ഒഴിച്ചുകൂടാനാവാത്ത ജീവധാരകളാണ്. എന്നാൽ എല്ലാ നീരൊഴുക്കുകളെയും നീർത്തടങ്ങളെയും വികസനത്തിന്റെ പേരിൽ നശിപ്പിക്കുകയും മലിനീകരിക്കുകയും ചെയ്യുന്നത് സ്വാതന്ത്ര്യത്തിന് ശേഷം ആർത്തിയോടെ നടന്നുകൊണ്ടിരിക്കുന്ന ഹീനമായ ഒരു പ്രക്രിയയാണ്. നമ്മുടെ ഋഷി പരമ്പരകൾ നൂറ്റാണ്ടുകളായി നദികളെ ആത്മീയ സ്രോതസ്സുകളായി കരുതിപ്പോന്നിട്ടുണ്ട്. ബുദ്ധദർശനം വ്യാപരിക്കുന്നതിൽ ഗംഗ വലുതായ പങ്കുവഹിച്ചിട്ടുണ്ട്. ഒഴുകുന്ന പുഴ ബുദ്ധദർശനത്തിന്റെ ഒഴുക്കാണ്. ഭൂമിയിലെ ചേതനവും അചേതനവുമായ എല്ലാറ്റിന്റെയും പാരസ്പര്യമാണ് ബുദ്ധദർശനത്തിന്റെ, സഹോദയം എന്ന പ്രാപഞ്ചിക സത്യത്തിന്റെ കാതൽ. രാമകൃഷ്ണനും രമണനും നാരായണഗുരുവും സൂഫീസന്യാസിമാരും ജീവന്റെ സമഗ്രതയാൽ ആനന്ദിച്ചിരുന്നവരാണ്. എന്നാൽ നമ്മുടെ പുതിയ കാലത്തിന്റെ ആത്മീയാചാര്യന്മാർ ജീവന്റെ സമഗ്രതയെ തിരസ്കരിക്കുക മാത്രമല്ല ചെയ്യുന്നത്, ജീവന്റെ തടങ്ങളെ ആത്മീയ കച്ചവടം കൊണ്ട് മലിനമാക്കുകയും ചെയ്യുന്നു. ഇവിടെ ദൽഹിയിലെ യമുനാ തീരത്ത് ശ്രീ ശ്രീ രവിശങ്കർ ആർട്ട് ഓഫ് ലിവിംഗ് ഫൗണ്ടേഷന്റെ ബാനറിൽ മൂന്ന് ലക്ഷം ആരാധകരെ ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തിയ സാംസ്കാരികോത്സവം ഇതിനുദാഹരണമാണ്. യമുനാനദിയുടെ തീരത്തെ ആയിരം ഏക്കറിലെ വൃക്ഷലതാദികളെയും പക്ഷിമൃഗാദികളെയും നശിപ്പിച്ചുകൊണ്ടാണ് അദ്ദേഹം ഈ ആത്മീയ വിപണി വർണ്ണാഭമാക്കിയത്. ഗിന്നസ് ബുക്കിൽ ഇടം പിടിക്കാനോ നോബൽ സമ്മാനം കരസ്ഥതമാക്കാനാണോ ഇതെന്നറിഞ്ഞുകൂടാ. എന്തായാലും അവിടെ കൊല്ലപ്പെട്ട ലക്ഷക്കണക്കിനുവരുന്ന സൂക്ഷ്മാണു മുതലുള്ള ജീവികളുടെ വേദന അദ്ദേഹം അറിഞ്ഞിട്ടില്ല. ചേതനവും അചേതനവുമായവയുടെ വേദനയറിയാതെ ആത്മീയമായ അന്വേഷണത്തിന്റെ പാതയിലൂടെ നമുക്ക് സഞ്ചരിക്കാനാവില്ല. മലിനീകരിക്കപ്പെട്ട യമുനയെ വിമലീകരിക്കുന്നതിന് പകരം അതിനെ പിന്നെയും മലിനപ്പെടുത്തുകയെന്ന കളങ്കമാണ് ശ്രീ ശ്രീ അനുഷ്ഠിച്ചത്. നമ്മുടെ മാതാ അമൃതാനന്ദമയിയുടെ സാന്നിദ്ധ്യത്തിൽ സ്താംസിംഗ് മർദ്ദിക്കപ്പെട്ടത് ഓർത്തുപോവുകയാണ്. രാമകൃഷ്ണനും ചൈതന്യയും നാരായണഗുരുവുമെല്ലാം ലോകത്തിന്റെ ഏതെങ്കിലും മൂലയിൽ ജീവൻ കൊലചെയ്യപ്പെടുമ്പോഴോ, അവമതിക്കപ്പെടുമ്പോഴോ, അക്രമിക്കപ്പെടുമ്പോഴോ വേദനിച്ചു. ശ്രീ ശ്രീയുടെ മെഗാ സാംസ്കാരികോത്സവത്തിൽ ഹിന്ദുത്വത്തിന് വേണ്ടി രാഷ്ട്രീയമായി വാദിക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്തതിൽ അൽഭുതപ്പെടാനില്ല. ഈ സ്വകാര്യചടങ്ങിന്റെ നടത്തിപ്പിനായി ഇന്ത്യൻ പട്ടാളത്തെ മോദി സർക്കാർ വിട്ടുകൊടുത്തത് വരാനിരിക്കുന്ന വിപത്തുകളുടെ സൂചനയാണ്. പട്ടാളം അതിർത്തി കാക്കാനും ആഭ്യന്തര സുരക്ഷിതത്തം ഉറപ്പാക്കാനും മാത്രമല്ല, വേണ്ടിവന്നാൽ ഒരു ഹിന്ദുരാഷ്ട്രത്തിന്റെ സംസ്ഥാപനത്തിനായി പട്ടാളത്തെ ഉപയോഗിക്കേണ്ടി വന്നേക്കും; പരോക്ഷമായിട്ടെങ്കിലും. പ്രത്യക്ഷമായി അങ്ങനെ സംഭവിക്കാൻ ഇന്ത്യൻ ജനത ഇഷ്ടപ്പെട്ടെന്നുവരില്ല. എല്ലാത്തരം മലിനീകരണത്തിനെതിരെയും പ്രതിഷേധിക്കുന്ന ദൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ ഇതിന്റെ ഭാഗമായത് ഒട്ടും നീതീകരിക്കാവുന്നതല്ല.

**കെ. അരവിന്ദാക്ഷൻ, എറവ്, തൃശൂർ**

## പുറംതള്ളൽ വികസനത്തിന് ഒരറുതി, ജനകീയ വികസനത്തിന് ഒരു മാനിഫെസ്റ്റോ:

# സമരകേരളം കൂടിയിരിക്കുന്നു

പൊതുവിഭവങ്ങൾ കൊള്ളയടിച്ചും മനുഷ്യാന്തസിന് മേൽ കടന്നുകയറ്റം നടത്തിയും ജൈവവൈവിധ്യങ്ങളെ മരുവത്കരിച്ചും കോർപ്പറേറ്റ് വരേണ്യ വികസനം അതിന്റെ വിനാശകരമായ വ്യാപ്തി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സ്ഥാപിത താത്പര്യങ്ങൾക്കും രാഷ്ട്രീയാധീശത്വത്തിനും വേണ്ടി ഈ വികസന വേഗതയെ വാരിപ്പുണരുന്ന സർക്കാറുകൾ ജനവിരുദ്ധരും പൗരാവകാശ ലംഘകരുമായി പരിണമിച്ചിരിക്കുന്നു. മറുവശത്ത്, 'വികസനം' എന്ന അർത്ഥശൂന്യ ശബ്ദത്തിന്റെ ഉള്ളിൽ കുത്തിനിറച്ച അയഥാർത്ഥ്യങ്ങളെ ഈ വികസനം ഇരകളാക്കിത്തീർത്തവരുടെ സമരങ്ങളും വികസനത്തെ പ്രശ്നവത്കരിക്കാൻ ശ്രമിക്കുന്ന ചെറുസംഘങ്ങളും തുറന്നുകാണിക്കുന്നുണ്ട്. എന്നാൽ ഈ വിമർശനത്തെ ഉൾക്കൊണ്ടുകൊണ്ട് വികസനത്തെ പുനർരചിക്കാൻ കഴിയാത്തവിധം ധാർമ്മികമായി അശക്തരായിരിക്കുകയാണ് മൂന്നാം ലോക ഭരണകൂടങ്ങൾ. ഈ വിഷമസന്ധിയെ എങ്ങനെയാണ് മറികടക്കേണ്ടത്? മനുഷ്യനേയും പ്രകൃതിയേയും പുറംതള്ളുന്ന, ആദിവാസികളെയും ദളിതരേയും വിവിധ ന്യൂനപക്ഷങ്ങളെയും സ്ത്രീകളെയും കുട്ടികളെയും പുറന്തള്ളുന്ന വരേണ്യ വികസനത്തിനെതിരായ പ്രതിഷേധങ്ങൾക്ക് കൂടുതൽ മൂർച്ചയും തീർച്ചയും വരുത്തേണ്ടതുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ഈ ചർച്ചകൾ കേരളത്തിന്റെ പൊതുരാഷ്ട്രീയ മണ്ഡലത്തിൽ അവതരിപ്പിക്കാൻ കഴിയുംവിധം കേരളത്തിലെ ജനകീയ സമരങ്ങളും, രാഷ്ട്രീയ മുഖ്യധാരയ്ക്ക് പുറത്തുള്ള ചെറുസംഘങ്ങളും കൂടിയിരുന്ന് പുറംതള്ളൽ വികസനത്തിന് ഒരു ബദൽ രചിക്കാനൊരുങ്ങുകയാണ്. **2016 ഏപ്രിൽ 23, 24** തീയതികളിൽ കോഴിക്കോട് വച്ച് നടക്കുന്ന **'പുറംതള്ളൽ വികസനത്തിന് ഒരറുതി, ജനകീയ വികസനത്തിന് ഒരു മാനിഫെസ്റ്റോ: സമരകേരളം കൂടിയിരിക്കുന്നു'** എന്ന പരിപാടിയിലേക്ക് ഏവർക്കും സ്വാഗതം.

*ബന്ധങ്ങൾക്ക്: 9447313388, 9446586943*